**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1470** **30-08-2022 - ൽ മറുപടിയ്ക്ക്**

**കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സജി ചെറിയാൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതർക്ക് ധനസഹായം ലഭ്യമാക്കുന്നതിൽ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | അപേക്ഷകളിൽ സമയബന്ധിതമായി തന്നെ ധനസഹായം അനുവദിച്ചു വരുന്നുണ്ട്. അപാകതകൾ കണ്ടെത്തുന്ന അപേക്ഷകളിൽ അപാകത പരിഹരിച്ച് സമർപ്പിക്കുന്നതിനുള്ള കാലതാമസം മാത്രമാണ് നിലവിലുള്ളത്. |
| (ബി) | ആലപ്പുഴ ജില്ലയിൽ കോവിഡ് ബാധിച്ച് മരിച്ചവരുടെ ആശ്രിതരുടെ അപേക്ഷകളിൽ ആർക്കെല്ലാമാണ് ഇനി ധനസഹായം നല്കാനുള്ളതെന്ന് വെളിപ്പെടുത്തുമോ; | (ബി) | ആലപ്പുഴ ജില്ലയിൽ കോവിഡ് ബാധിച്ച മരിച്ചവരുടെ ആശ്രിതർക്കുള്ള ധനസഹായത്തിനായി നാളിതുവരെ 4861 അപേക്ഷകൾ ലഭിച്ചതിൽ 4729 അപേക്ഷകൾക്ക് ധനസഹായം അനുവദിച്ചിട്ടുള്ളതും 72 അപേക്ഷകൾ നിരസിച്ചിട്ടുള്ളതും 60 അപേക്ഷകൾ വില്ലേജോഫീസുകളിൽ നടപടി സ്വീകരിച്ചുവരുന്നതുമാണ്. |
| (സി) | ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലെ മുളക്കുഴ വില്ലേജിൽ കോവിഡ് ബാധിച്ച് മരിച്ച ശ്രീഭവനത്തിൽ ഭാസുരാംഗന്റെ ആശ്രിതർക്കും രജനിഭവനത്തിൽ രവീന്ദ്രന്റെ ആശ്രിതയ്ക്കും നാളിതുവരെ സഹായം ലഭിക്കാത്തതിന്റെ കാരണം വിശദീകരിക്കാമോ; | (സി) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മുളക്കുഴ വില്ലേജിൽ കോവിഡ് ബാധിച്ച് മരിച്ച ശ്രീഭവനത്തിൽ ഭാസുരാംഗന്റെ ഭാര്യ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിരുന്നുവെങ്കിലും അപേക്ഷാരേഖകൾ ഇരട്ടിപ്പായി കണ്ടതിനാൽ വില്ലേജോഫീസർ അപേക്ഷ നിരസിച്ചിരുന്നു. ഒരിക്കൽ കൂടി അപേക്ഷ സമർപ്പിക്കുവാൻ കക്ഷിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. രജനിഭവനത്തിൽ രവീന്ദ്രന്റെ ആശ്രിതർ നാളിതുവരെ ധനസഹായത്തിന് അപേക്ഷ സമർപ്പിച്ചിട്ടില്ല. |
| (ഡി) | അവർക്ക് എന്ന് സഹായം ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ? | (ഡി) | കോവിഡ് പോർട്ടൽ (relief.kerala.gov.in) മുഖേന അപേക്ഷ സമർപ്പിക്കുന്ന മുറയ്ക്ക് ധനസഹായം ലഭ്യമാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ